# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII YEAR OF OUR LORD JESUS CHRIST, 2026 JANUARY No. 03


**വിശുദ്ധ വേദപുസ്തകം**

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**യോവേൽ 2:21-26**

21. ദേശമേ, ഭയപ്പെടേണ്ടാ, ഘോഷിച്ചുല്ലസിച്ചു സന്തോഷിക്ക; യഹോവ വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു.

22. വയലിലെ മൃഗങ്ങളേ ഭയപ്പെടേണ്ടാ; മരുഭൂമിയിലെ പുല്പുറങ്ങൾ പച്ചവെക്കുന്നു; വൃക്ഷം ഫലം കായ്ക്കുന്നു; അത്തിവൃക്ഷവും മുന്തിരിവള്ളിയും അനുഭവപുഷ്ടി നൽകുന്നു.

23. സീയോൻ മക്കളേ, ഘോഷിച്ചുല്ലസിച്ചു നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിപ്പിൻ! അവൻ തക്ക അളവായി നിങ്ങൾക്കു മുൻ മഴ തരുന്നു; അവൻ മുമ്പേപ്പോലെ നിങ്ങൾക്കു മുൻ മഴയും പിൻ മഴയുമായ വർഷം പെയ്യിച്ചുതരുന്നു.

24. അങ്ങനെ കളപ്പുരകൾ ധാന്യംകൊണ്ടു നിറയും; ചക്കുകൾ വീഞ്ഞും എണ്ണയും കൊണ്ടു കവിയും.

25. ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കുവേണ്ടി ഞാൻ നിങ്ങൾക്കു പകരം നല്കും.

26. നിങ്ങൾ വേണ്ടുവോളം തിന്നു തൃപ്തരായി, നിങ്ങളോടു അത്ഭുതമായി പ്രവർത്തിച്ചിരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ സ്തുതിക്കും; എന്റെ ജനം ഒരുനാളും ലജ്ജിച്ചുപോകയുമില്ല.

# നിങ്ങൾക്കു നഷ്ടപ്പെട്ടത് തിരികെ നേടാം ഈ പുതുവർഷത്തിൽ!

## YOU CAN RECLAIM WHAT YOU LOST IN THIS NEW YEAR!

*സിസ്റ്റർ ഏഞ്ചൽ*



നിങ്ങൾക്കു വളരെ സന്തോഷകരവും അനുഗ്രഹീതവുമായ 2026 ആശംസിക്കുന്നു!



നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അത്ഭുതകരമായ നാമത്തിൽ വിളിയുടെ പ്രതിധ്വനിയുടെ ആസ്ഥാനത്തുനിന്നും ആശംസകളും അനുഗ്രഹങ്ങളും നേരുന്നു.

ഈ പുതുവർഷത്തിലേക്ക് നാം കടക്കുമ്പോൾ, സ്വാഭാവികമായും കഴിഞ്ഞുപോയ കാര്യങ്ങളിലേക്ക് നമ്മൾ തിരിഞ്ഞു നോക്കുകയും വരാനിരിക്കുന്ന കാര്യങ്ങൾക്കായി കാത്തിരിക്കുകയും ചെയ്യുന്നു. ചില വർഷങ്ങൾ യുദ്ധകാലം പോലെ തോന്നുന്നു എങ്കിലും മറ്റുള്ളവ മുന്നേറ്റങ്ങളുടെ കാലങ്ങളായി മാറുന്നു. 1 ദിനവൃത്താന്തം 18:1 നമ്മെ ഓർമ്മിപ്പിക്കുന്നത് **അതിന്റെ ശേഷം...** ദീർഘകാലമായി കാത്തിരുന്ന വിജയങ്ങൾ ഒടുവിൽ പ്രകടമാകുന്ന നിമിഷങ്ങളിലൂടെ ദൈവം വഴിത്തിരിവുകൾ കൊണ്ടുവരുന്നു.

3-ാം പേജിൽ തുടരും...




**Echo of His Call**

***Christian YouTube Channel!***

**Every day 2 minutes message by**

**Pr. S. Sam Selva Raj!**

**in English, Hindi, Tamil & Telugu**

**and**

**Tamil & English Message & Prayer**

**Sunday 8.30 A.M. & 6.00 P.M.**

★ Please Subscribe and Share ★

# ECHO OF HIS CALL - (Marching towards 60th year)

Estd. 1969



## from your dearly beloved brother...



**...ആണ്ടിന്റെ ആരംഭം മുതൽ അവസാനംവരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു.**

**- ആവർത്തനം 11:12**

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


HON. EDITOR-IN-CHIEF

Rev.Dr. Angeline S. Kumari, M.A., M.Sc., M.Ed.

EX MANAGING EDITOR

Pastor Alex Samson Sam, B.Th., M.Div.

GENERAL MANAGER

Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.

ADMINISTRATION

Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

EDITORIAL BOARD

Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.



EDITOR, PUBLISHER & PRINTER

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858

E.MAIL

sam@echoofhiscall.org
biblecor@yahoo.co.in

WEBSITES

www.echoofhiscall.org
www.stpaulsmatriculation.org

YOUTUBE CHANNEL

Echo of His Call


കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ നിങ്ങൾക്കു ആശംസകൾ! നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും അനുഗ്രഹീതവും പുരോഗമനപരവുമായ ഒരു പുതുവത്സരം ആശംസിക്കുന്നു.



*സഭാനേതാക്കളുടെയും മുതിർന്നവരുടെയും യോഗം*


കഴിഞ്ഞ വർഷം നമ്മിൽ പലരും കഷ്ടപ്പാടുകളും പോരാട്ടങ്ങളും നേരിട്ടിട്ടുണ്ടാകാം, ദൈവം ചിലപ്പോൾ നിശബ്ദനായിരുന്നതുപോലെ തോന്നിയിരിക്കാം. എന്നിരുന്നാലും, തിരുവെഴുത്തിൽ നാം വായിക്കുന്നതുപോലെ, യോസേഫിനെ കുഴിയിൽനിന്നും കൊട്ടാരത്തിലേക്ക് ഉയർത്തി എങ്കിലും അവന്റെ കഷ്ടപ്പാടുകളിൽ ഉടനടി ആശ്വാസം നൽകിയില്ല. നമ്മുടെ അനുഭവത്തിലും ഇങ്ങനെയൊക്കെ തന്നെയായിരിക്കാം. എന്നാൽ അവന്റെ തികഞ്ഞ സമയത്ത് ദൈവം നിങ്ങളെ ഉയർത്തും.

**അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ.** - 1 പത്രൊസ് 5:6

കർത്താവ് ഈ പുതുവർഷത്തെ പുതുക്കത്തിന്റെ ഒരു വർഷമാക്കി മാറ്റട്ടെ, അവൻ നിങ്ങൾക്കായി തുറക്കുന്ന പുതിയ വഴികളിലൂടെ നിങ്ങളെ അനുഗ്രഹങ്ങളാൽ നിറയ്ക്കുമാറാകട്ടെ.

**ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും ഭൂമിയും എന്റെ മുമ്പിൽ നിലനില്ക്കുന്നതുപോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനില്ക്കും എന്നു യഹോവയുടെ അരുളപ്പാട്** - യെശയ്യാവ് 66:22.

ഈ വർഷം മാനുഷിക പ്രയത്നം കൊണ്ടു മാത്രം ചെയ്തു തീർക്കാൻ കഴിയാത്ത നിരവധി ശുശ്രൂഷകൾ നമുക്ക് ചെയ്യുവാനുണ്ട്. ഞങ്ങളുടെ ശുശ്രൂഷയിൽ നിങ്ങളെ ഓർക്കുന്നതു തുടരുമ്പോഴും, ഞങ്ങൾ നിങ്ങളുടെ പ്രാർത്ഥനകൾ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു. തീർച്ചയായും നിങ്ങൾ അനുഗ്രഹിക്കപ്പെടും.




**പിന്തുടരേണ്ട മൂന്നു സുപ്രധാന തത്വങ്ങൾ താഴെ പ്രതിപാദിക്കുന്നു:**

1. ***നിങ്ങളുടെ സഭയെയും നിങ്ങളുടെ പാസ്റ്ററെയും സ്നേഹിക്കുക. എല്ലാ ആരാധനകളിലും ക്രമമായി പങ്കെടുക്കുക. ശരിയായ ഉപദേശത്തിൽ ശക്തരായിരിക്കുക.***
2. ***നിങ്ങളുടെ പ്രാർത്ഥനാജീവിതത്തിനു മുൻഗണന നൽകുകയും ദൈവസന്നിധിയിൽ നിരന്തരം നിലനിൽക്കുകയും ചെയ്യുക.***
3. ***ദൈവം നിങ്ങൾക്കു കൃപയോടെ നൽകിയ ആരോഗ്യം, സാമ്പത്തികം, മറ്റ് അനുഗ്രഹങ്ങൾ എന്നിവയ്ക്കു അനുസൃതമായി കർത്താവിനെ വിശ്വസ്തതയോടെ സേവിക്കുക.***

ദൈവത്തിന്റെ സംരക്ഷണവും നന്മയും വാഗ്ദാനങ്ങളുടെ പൂർത്തീകരണവും വരും ദിവസങ്ങളിൽ നിങ്ങൾ ആസ്വദിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളോടൊപ്പമുണ്ടായിരിക്കട്ടെ!

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*
***പാസ്റ്റർ. എസ്. സാം സെൽവരാജ്***
ഇമെയിൽ : sam@echoofhiscall.org

1-ാം പേജിന്റെ തുടർച്ച...



***ദാവീദ് ഫെലിസ്ത്യരെ തോല്പിച്ചു അവരെ കീഴടക്കി***

ദാവീദ് ഫെലിസ്ത്യരുമായി നിരവധി വർഷത്തെ സംഘർഷം ഉണ്ടായിരുന്നു. എന്നിരുന്നാലും ദൈവത്തിന്റെ പൂർണ്ണമായ സമയക്രമത്തിൽ എല്ലാം മാറി. ആ വാക്യം ഒരു മാറ്റത്തെ അടയാളപ്പെടുത്തുന്നു–വാഗ്ദാനങ്ങൾ തുറക്കാൻ തുടങ്ങിയപ്പോൾ, ശത്രുക്കൾ കീഴടക്കപ്പെട്ടു.

2026 ലേക്ക് നാം കാലെടുത്തുവയ്ക്കുമ്പോൾ, ദൈവത്തിന്റെ സമയം ഒരിക്കലും വൈകുന്നില്ല എന്ന് ഈ ഭാഗം നമുക്ക് ഉറപ്പു നൽകുന്നു. നമുക്ക് അവയെ കാണാൻ കഴിയാത്ത അവസ്ഥയിൽപോലും അവന്റെ പദ്ധതികൾ തുറന്നുകൊണ്ടിരിക്കുന്നു.

**ദൈവം പ്രവർത്തിക്കുമ്പോൾ, അത് അന്തിമമാണ്!**

അതിന്റെ ശേഷം ദാവീദ് ഫെലിസ്ത്യരെ തോല്പിച്ചു അടക്കി, ഗത്തും അതിനോടുചേർന്ന ഗ്രാമങ്ങളും ഫെലിസ്ത്യരുടെ



**കയ്യിൽനിന്നു പിടിച്ചു.** (1 ദിനവൃത്താന്തം 18:1).

ഫെലിസ്ത്യർ വർഷങ്ങളോളം യിസ്രായേല്യരെ കൊള്ളയടിച്ചുകൊണ്ടിരുന്നു. അവരുടെ കുടുംബങ്ങൾ, അവരുടെ അന്തസ്സ്, നിയമപെട്ടകം, അവരുടെ പുരോഹിതനായ ഏലി എന്നിവ പോലും നഷ്ടപ്പെട്ടു. അവർക്ക് വലിയ നഷ്ടം സംഭവിച്ചു. തോൽവിയാണ് അവരുടെ വിധി എന്നു തോന്നിപ്പോയി. ശത്രു ശക്തനായും ദൈവം നിശബ്ദനായും കാണപ്പെട്ടു.

എന്നാൽ പിന്നീട് ദൈവം ഇടപെടേണ്ട നിമിഷം വന്നു. ദൈവം പ്രവർത്തിക്കുമ്പോൾ, അവന്റെ വിജയം അന്തിമമായിരിക്കും.

വേദപുസ്തകം പറയുന്നത് ദാവീദ് ഫെലിസ്ത്യരെ പരാജയപ്പെടുത്തുക മാത്രമല്ല; അവരെ കീഴടക്കുകയും ചെയ്തു എന്നാണ്. അതായത് അവർക്ക് ഇനി യിസ്രായേലിനെതിരെ എഴുന്നേല്ക്കാൻ കഴിയില്ല. അവർ



***ഇന്നു കാണുന്ന മിസ്രയീമ്യരെ നിങ്ങൾ ഇനി ഒരിക്കലും കാണുകയില്ല***






## വളരെ അടിയന്തരമായ അറിയിപ്പ്!

**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

വീണ്ടും പല തവണ ശ്രമിച്ചു എങ്കിലും ദാവീദിന്റെ കീഴടക്കൽ അവരെ തകർത്തു.

ഇത് ഓരോ ദൈവമക്കൾക്കും ദൈവം നൽകുന്ന വാഗ്ദാനമാണ്. നിങ്ങളുടെ പോരാട്ടത്തിന്റെമദ്ധ്യേ അവൻ ഇറങ്ങിവരുമ്പോൾ, ഒരിക്കൽ നിങ്ങൾക്കെതിരെ വന്നവർ പിന്നെ ഒരു കാലത്തും കടന്നുവരികയില്ല.

**...നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല** (പുറപ്പാട് 14:13). ഇത് ദൈവത്തിന്റെ അധികാരത്തിന്റെയും അവന്റെ ജനത്തിനായുള്ള വിടുതലിന്റെയും ശക്തമായ ഓർമ്മപ്പെടുത്തലാണ്.

നിങ്ങളിൽ പലരുടെയും സമാധാനം, ആരോഗ്യം, സാമ്പത്തികം, ബന്ധങ്ങൾ, ജോലി, കുടുംബം, സ്ഥാനക്കയറ്റം, അനുഗ്രഹങ്ങൾ എന്നിവ ശത്രു കൈക്കലാക്കിയിട്ടുണ്ട്. എന്നാൽ കർത്താവ് പ്രഖ്യാപിക്കുന്നത്:

ശത്രു കൈവശമാക്കിയിരിക്കുന്നത് തിരികെ പ്രാപിക്കുവാനുള്ള വർഷമാണ് 2026! ആമേൻ!

ദാവീദ് ശത്രുവിനെ കീഴടക്കുക മാത്രമല്ല, നിയന്ത്രിക്കുകയും ചെയ്തു. അവൻ അവരുടെ മേൽ ആധിപത്യം പുലർത്തി വിജയശ്രീലാളിതനായി. ഈ വർഷം നിങ്ങൾ ശത്രുവിന്റെ ആക്രമണങ്ങളാൽ നിയന്ത്രിക്കപ്പെടാതെ യേശുക്രിസ്തുവിന്റെ അധികാരത്തിൽ നടക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പ്രശ്നങ്ങളെപ്പോലെയുള്ള സാഹചര്യങ്ങൾ നിങ്ങൾക്ക് സ്വയം നിയന്ത്രിക്കാൻ സാധിക്കട്ടെ.

വെട്ടുക്കിളി വിഴുങ്ങിയതെല്ലാം വീണ്ടെടുക്കാനുള്ള വർഷമാണിത്.

നിങ്ങളുടേത് സംരക്ഷിക്കുന്നതിനുള്ള വർഷം മാത്രമല്ല, നഷ്ടപ്പെട്ടത് തിരികെ നേടുന്നതിനുള്ള വർഷം കൂടിയാണ് ഇത്.

## *ദാവീദ് ഗത്ത് തിരികെ പിടിച്ചു* – വിജയത്തിന്റെ പ്രതീകം!

ഫെലിസ്ത്യരെ കീഴടക്കിയശേഷം, ദാവീദ് അവരുടെ ഏറ്റവും ശക്തവും സ്വാധീനമുള്ളതുമായ നഗരങ്ങളിലൊന്നായ ഗത്ത് തിരിച്ചുപിടിച്ചു.

എബ്രായ ഭാഷയിൽ മെഥാഗ്അമ്മ എന്നാൽ "മാതൃനഗരത്തിന്റെ കടിഞ്ഞാൺ" എന്നാണ് അർത്ഥമാക്കുന്നത് - നിയന്ത്രണത്തിന്റെയും അധികാരത്തിന്റെയും ഇരിപ്പിടം. ഗത്ത് കൈവശം വച്ചിരിക്കുന്നവർ അധികാരം കൈവശം വച്ചിരിക്കുന്നു.

യിസ്രായേലിനെ ഒരു കാലത്ത് ഭയപ്പെടുത്തിയിരുന്ന ഗോലിയാത്തിന്റെയും ഭീമന്മാരുടെയും ജന്മനാടായിരുന്നു ഗത്ത് (1 ശമൂവേൽ 17:4; 2 ശമൂവേൽ 21:15-21). എന്നിരുന്നാലും ദൈവത്തിന്റെ ശക്തിക്കു മുന്നിൽ ഒന്നിനും നിൽക്കാൻ കഴിഞ്ഞില്ല.

ഒരിക്കൽ പരാജയത്തിന്റെ പ്രതീകമായിരുന്നത് വിജയത്തിന്റെ പ്രതീകമായി മാറി.

അതുപോലെ, നിങ്ങൾ ഒരിക്കൽ തോൽവി നേരിട്ട സ്ഥലങ്ങളിൽ തന്നെ നിങ്ങളുടെ ഏറ്റവും വലിയ വിജയത്തിന്റെ സ്ഥലങ്ങളായി മാറും. ദൈവം തന്റെ വാഗ്ദത്തങ്ങൾ നിറവേറ്റാൻ വിശ്വസ്തനാണ്.

## ദൈവം ദാവീദിനെ അനുഗ്രഹിച്ചത് എന്തുകൊണ്ട്?

ദാവീദ് തികഞ്ഞവനായിരുന്നില്ല. അവൻ ആവേശഭരിതനും, വൈകാരികനും പിഴവുള്ളവനും, തകർന്നവനുമായിരുന്നു... **തനിക്കു ബോധിച്ച പുരുഷൻ** എന്നാണ് ദൈവം ദാവീദിനെ വിളിച്ചത് (1 ശമൂവേൽ 13:14; പ്രവൃത്തികൾ 13:22).

അദ്ദേഹത്തിനും അദ്ദേഹത്തിന്റെ തലമുറകൾക്കും ലഭിച്ച അനുഗ്രഹത്തിന്റെ പിന്നിലെ രഹസ്യം എന്തായിരുന്നു?

## 1. ദാവീദ് ദൈവത്തിനു മുൻഗണന നൽകി!

ദാവീദ് എപ്പോഴും ദൈവത്തിനു ആദ്യസ്ഥാനം നൽകി. പരാജയപ്പെട്ടപ്പോഴും അവന്റെ പ്രതികരണം അനുതാപവും കീഴടങ്ങലുമായിരുന്നു.

**നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നും എടുക്കയുമരുതേ** (സങ്കീർത്തനം 51:11) എന്ന് അവൻ വിളിച്ചപേക്ഷിക്കുകയാണ്.

**നാം യഹോവയുടെ കയ്യിൽ തന്നെ വീഴുക; അവന്റെ കരുണ വലിയതല്ലോ; മനുഷ്യന്റെ കയ്യിൽ വീഴരുതേ** (2 ശമൂവേൽ 24:14). കിരീടത്തെക്കാളും, സിംഹാസനത്തെക്കാ



*അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുക്കരുതേ*

ളും, പ്രശസ്തിയെക്കാളും അവൻ ദൈവീക സാന്നിദ്ധ്യത്തിനു വില കല്പിച്ചു.

ശത്രു മോഷ്ടിച്ചത് വീണ്ടെടുക്കണമെങ്കിൽ, ഈ വർഷത്തിന്റെ ആരംഭം മുതൽ തന്നെ നാം ദൈവത്തിനു മുൻഗണന നൽകണം. നമുക്കു മനസ്സിലാകുന്നില്ല എങ്കിലും അവന്റെ സമയത്തിൽ നാം വിശ്വസിക്കണം.

നമ്മുടെ പ്രാർത്ഥന ഇതായിരിക്കട്ടെ:

**പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു. നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും** (സദൃശ്യവാക്യങ്ങൾ 3:5,6).

## 2. ദാവീദ് രാജ്യപ്രീയനായിരുന്നു!

ദാവീദിന് ആലയം പണിയുവാൻ അനുവാദമില്ലായിരുന്നു എങ്കിലും ശലോമോനു ആവശ്യമായതെല്ലാം അവൻ ഒരുക്കി. അവൻ സമ്പത്ത് ശേഖരിച്ചു, ദേശത്തു സമാധാനം ഉറപ്പിച്ചു, അടുത്ത തലമുറയ്ക്കു വേണ്ടിയുള്ള അടിത്തറ പാകി.

അവന്റെ ശ്രദ്ധ വ്യക്തിപരമായ മഹത്വമല്ല, മറിച്ച് ദൈവത്തിന്റെ മഹത്വമായിരുന്നു.

ഇന്നത്തെ ലോകത്ത്, പലരും അംഗീകാരവും അനുയായികളും പ്രശസ്തിയും തേടുന്നു. എന്നാൽ ദൈവത്തിന്റെ യഥാർത്ഥ ദാസന്മാർ അവന്റെ രാജ്യത്തിന്റെ പുരോഗതിക്കായി നിശബ്ദമായി പ്രവർത്തിക്കുന്നു. ദൈവം നിങ്ങളുടെ അദൃശ്യമായ അദ്ധ്വാനം കാണുന്നു. അവനാണ് പ്രതിഫലം നൽകുന്നത്.

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1959

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ജനുവരി 19** ⇨ മുഖ്യസഭയിലും ശാഖാസഭകളിലും അർത്ഥവത്തും ഫലപ്രദവുമായ ക്രിസ്തുമസ്, പുതുവത്സര ആഘോഷങ്ങൾ നടത്താൻ ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

**ജനുവരി 20** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും മേലുള്ള ദൈവീക കരുണക്കായി.

**ജനുവരി 21** ⇨ യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആഗോള ദർശനത്തെ അനുഗ്രഹിച്ചതിനായി.

**ജനുവരി 22** ⇨ സുവിശേഷം എത്തിച്ചേരാത്ത ആത്മാക്കളിലേക്ക് എത്തിക്കുവാൻ യുട്യൂബ് ശുശ്രൂഷയിലൂടെ സഹായിക്കുന്നതിനായി.

**ജനുവരി 23** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജുകൾ, വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സുകൾ** എന്നിവയുടെ എല്ലാ പ്രവർത്തനങ്ങൾക്കുമായി.

**ജനുവരി 24** ⇨ ഞങ്ങളുടെ മാസിക 16 ഭാഷകളിൽ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിക്കാനും പ്രസിദ്ധീകരിക്കാനും മിഷൻ ഫീൽഡുകളിലേക്ക് അയക്കാനും ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

**ജനുവരി 25** ⇨ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ എത്തിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ പ്രതിബദ്ധതക്കായി.

**ജനുവരി 26** ⇨ വിളിയുടെ പ്രതിധ്വനി ജീവനക്കാരെയും കുടുംബാംഗങ്ങളെയും പൂർണ്ണ ആരോഗ്യത്തോടെ കാത്തുപരിപാലിക്കുന്നതിനായി.

**ജനുവരി 27** ⇨ സഭാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കിയതിനായി.

**ജനുവരി 28** ⇨ പങ്കാളികൾ പ്രാർത്ഥനയോടെയും സാമ്പത്തികമായും ഞങ്ങളെ അനുഗ്രഹിച്ചതിനായി.

**ജനുവരി 29** ⇨ ഞങ്ങളുടെ അസോസിയേറ്റ് എഡിറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചതിനായി.

**ജനുവരി 30** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും പാസ്റ്റർമാരെയും മുതിർന്നവരെയും അനുഗ്രഹിച്ചതിനായി.

**ജനുവരി 31** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും കുട്ടികളുടെ ശുശ്രൂഷയെ അനുഗ്രഹിച്ചതിനായി.

**ഫെബ്രുവരി 01** ⇨ ഞങ്ങളുടെ സീനിയർ പാസ്റ്ററിന്റെ ശുശ്രൂഷ സംബന്ധമായ യാത്രകളെ അനുഗ്രഹിച്ചതിനായി.

**ഫെബ്രുവരി 02** ⇨ മുഖ്യസഭയിലും ശാഖാസഭകളിലും ഞായർ ആരാധനകളിൽ വചനത്തിന്റെ ശക്തി പ്രകടമാകുന്നതിനായി.

**ഫെബ്രുവരി 03** ⇨ 2026 വർഷത്തേക്ക് സീനിയർ പാസ്റ്റർക്കു നൽകിയ പുതിയ ദർശനത്തിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ഫെബ്രുവരി 04** ⇨ യിസ്രായേൽ, പാലസ്തീൻ, റഷ്യ, ഉക്രെയിൻ എന്നീ രാജ്യങ്ങളുടെ സമാധാനത്തിനായി.

**ഫെബ്രുവരി 05** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും സ്വർഗ്ഗീയ സംരക്ഷണവും നല്ല ആരോഗ്യവും നൽകുന്നതിനായി.

**ഫെബ്രുവരി 06** ⇨ എല്ലാ ക്രിസ്തീയ സംഘടനകളുടെയും പള്ളികളുടെയും മേൽ ദൈവീക അനുഗ്രഹവും സംരക്ഷണത്തിനുമായി.

**ഫെബ്രുവരി 07** ⇨ നമ്മുടെ ഓഫീസ് ജീവനക്കാരുടെയും പ്രസ്സിലെ ജീവനക്കാരുടെയും പൂർണ്ണ ആരോഗ്യത്തിനായി.

**ഫെബ്രുവരി 08** ⇨ ആഗോള സാമ്പത്തികമാന്ദ്യം അവസാനിക്കുവാൻ

**ഫെബ്രുവരി 09** ⇨ മിഷണറിമാർക്കും ദൈവദാസന്മാർക്കും എതിരായ അക്രമം അവസാനിക്കുവാൻ.

**ഫെബ്രുവരി 10** ⇨ ലോകമെമ്പാടുമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷക്കായി.

**ഫെബ്രുവരി 11** ⇨ വിളിയുടെ പ്രതിധ്വനി യുവജന ശുശ്രൂഷക്കായും മറ്റെല്ലാ ശുശ്രൂഷകൾക്കുമായി.

**ഫെബ്രുവരി 12** ⇨ വിളിയുടെ പ്രതിധ്വനിയുടെ ഈ വർഷത്തെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറുവാൻ.

**ഫെബ്രുവരി 13** ⇨ പൊതു പരീക്ഷകൾക്കും സർക്കാർ പരീക്ഷകൾക്കും തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് വിജയത്തിനും ദൈവീക മാർഗ്ഗനിർദ്ദേശത്തിനുമായി.

**ഫെബ്രുവരി 14** ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും നെഹെമ്യ ബൈബിൾ കോളേജുകളിലെയും വിദ്യാർത്ഥികളുടെ മേൽ ദൈവീക സംരക്ഷണത്തിനായി.

**ഫെബ്രുവരി 15** ⇨ രോഗം, ദാരിദ്ര്യം, പട്ടിണി എന്നിവയാൽ കഷ്ടപ്പെടുന്നവർക്ക് ആശ്വാസത്തിനായി.

**ഫെബ്രുവരി 16** ⇨ മദ്യപാനികളും തെറ്റു ചെയ്യുന്നവർക്കും പരിവർത്തനവും അനുതാപവും ഉണ്ടാകുവാൻ.

**ഫെബ്രുവരി 17** ⇨ ഈ മാസത്തെ നമ്മുടെ എല്ലാ ആവശ്യങ്ങളുടെ മേൽ കർത്താവിന്റെ കരുതലിനായി.

**ഫെബ്രുവരി 18** ⇨ മൊബൈൽ ഫോണുകളുടെയും ഓൺലൈൻ ഗെയിമുകളുടെ ആസക്തിയിൽനിന്ന് ലോകമെമ്പാടുമുള്ള ജനങ്ങൾ സംരക്ഷിക്കപ്പെടുവാൻ.

4-ാം പേജിന്റെ തുടർച്ച...

ദൈവരാജ്യം സ്വർഗ്ഗത്തിലെന്നപോലെ ഭൂമിയിലും വരണമെന്ന് നാം ആഗ്രഹിക്കുന്നു എങ്കിൽ നാം ഒരു രാജ്യബോധം വളർത്തിയെടുക്കണം.

അംഗീകാരങ്ങൾ, ഫേസ്ബുക്ക് ലൈക്കുകൾ, ഇൻസ്റ്റാഗ്രാം അനുയായികളുടെ എണ്ണം, യൂട്യൂബ് വരിക്കാർ എന്നിവയിലല്ല കാര്യം. കർത്താവിന്റെ വേല ചെയ്യുന്നതാണ് കാര്യം.

2026 നമ്മുടെ കഴിവുകൾക്കപ്പുറം ചിന്തിക്കുന്ന രാജ്യലക്ഷ്യമുള്ള ഒരു വർഷമായി തീരട്ടെ.

ദൈവത്തിന്റെ മഹത്വത്തിനായി **ചെയ്‌വാൻ നിനക്കു സംഗതിവരുന്നതൊക്കെയും ശക്തിയോടെ ചെയ്ക** (സഭാപ്രസംഗി 9:10).

## 3. ദാവീദ് എല്ലാറ്റിനും ദൈവത്തിനു മഹത്വം നൽകി!

എല്ലാ വിജയവും ദൈവത്തിൽ നിന്നാണ് എന്നു ദാവീദ് സമ്മതിച്ചു.

അവൻ കീഴടക്കിയ രാജ്യങ്ങളിൽ നിന്നുള്ള കൊള്ളയായ സ്വർണ്ണവും വെള്ളിയും താമ്രവും അവൻ യഹോവയ്ക്കു സമർപ്പിച്ചു.

**...പൊൻ പരിചകളെ ദാവീദ് എടുത്തു യെരൂശലേമിലേക്ക് കൊണ്ടുവന്നു ...ദാവീദ് രാജാവ് ഇവയെ... യഹോവയ്ക്കു വിശുദ്ധീകരിച്ചു** (2 ശമൂവേൽ 8:7,11,12).

ഒരു കാലത്ത് ശത്രുവിന്റെ അഭിമാനമായിരുന്ന കൊള്ളയായവയൊക്കെയും ദൈവത്തിനു സമർപ്പിക്കുകയും താമ്രക്കടലും സ്തംഭങ്ങളും മറ്റു വിശുദ്ധ വസ്തുക്കളുമെല്ലാം നിർമ്മിക്കുവാനായി ശലോമോന് വിട്ടുകൊടുത്തു.

അതിനാൽ തിരുവെഴുത്ത് ഇങ്ങനെ പ്രഖ്യാപിക്കുന്നു:

**...ദാവീദ് ചെന്നേടത്തൊക്കെയും യഹോവ അവനു ജയം നൽകി** (2 ശമൂവേൽ 8:6).

ദാവീദ് ദൈവത്തെ എത്രയധികം ബഹുമാനിച്ചുവോ അതിലധികം ദൈവം അവനെ ബഹുമാനിച്ചു. അവന്റെ ശത്രുക്കൾപോലും അവനു കപ്പം കൊണ്ടുവന്നു.

**ദാവീദ് ഹദദേസെരിന്റെ സർവ്വസൈന്യത്തെയും തോല്പിച്ചു എന്നു ഹമാത്ത് രാജാവായ തോയി കേട്ടപ്പോൾ ദാവീദ് രാജാവിനോടു കുശലം ചോദിപ്പാനും അവൻ ഹദദേസെരിനോടു യുദ്ധം ചെയ്തു അവനെ തോല്പിച്ചതുകൊണ്ടു അവനെ അഭിനന്ദിപ്പാനും തോയി തന്റെ മകൻ യോരാമിനെ രാജാവിന്റെ അടുക്കൽ അയച്ചു...യോരാം പൊന്നു, വെള്ളി, താമ്രം എന്നിവ കൊണ്ടുള്ള സാധനങ്ങളെ കൊണ്ടുവന്നു. ദാവീദ് രാജാവു ഇവയെ ...രെഹോബിന്റെ മകനായി സോബരാജാവായ ഹദദേസെരിന്റെ കൊള്ളയിൽനിന്നും എടുത്തു വിശുദ്ധീകരിച്ച വെള്ളിയോടും പൊന്നിനോടുംകൂടെ യഹോവെക്കു വിശുദ്ധീകരിച്ചു** (2 ശമൂവേൽ 8:9-12).



*ദാവീദ് രാജാവ് സ്വർണ്ണവും വെള്ളിയും താമ്രവും കർത്താവിനു സമർപ്പിച്ചു.*

അങ്ങനെ ദാവീദ് ഇവയെ കർത്താവിനു സമർപ്പിച്ചു.

പ്രിയ സഹോദരീ സഹോദരന്മാരേ, ഈ വർഷത്തിന്റെ ആരംഭത്തിൽ തന്നെ നമുക്കു ലഭിക്കുന്നതെല്ലാം ദൈവത്തിന്റേതാണെന്ന് തീരുമാനിക്കാം.

**എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങിവരുന്നു** (യാക്കോബ് 1:17).

ദൈവം നമുക്കു നൽകിയ ഏറ്റവും വലിയ സമ്മാനം - അവന്റെ പുത്രനായ യേശുക്രിസ്തുവിനെ - ജീവിതത്തിൽ ഒരിക്കലും മറക്കരുത്.

നമുക്ക് ആത്മവിശ്വാസത്തോടെ ഉറച്ചു നിൽക്കാനായി അവൻ നമ്മുടെ വേദന വഹിച്ചു.

## നിങ്ങളുടെ പുനഃസ്ഥാപനത്തിന്റെയും വിജയത്തിന്റെയും വർഷം!

അവൻ നമ്മുടെ പാപവും ശാപവും എല്ലാം ഏറ്റെടുത്ത് നമ്മെ ഒരു അനുഗ്രഹമാക്കി മാറ്റി.

പ്രിയപ്പെട്ടവരേ, 2026 നിങ്ങളുടെ പക്കലുള്ളവയെ സംരക്ഷിച്ചു നിർത്തുവാനുള്ള ഒരു വർഷമല്ല.

ശത്രു മോഷ്ടിച്ചതിനെ തിരികെ നേടുവാനുള്ള ഒരു വർഷമാണ്.

നഷ്ടപ്പെട്ട സ്ഥാനം വീണ്ടെടുക്കുവാനും, സന്തോഷം വീണ്ടെടുക്കുവാനും, തകർന്നതിനെ പുനർനിർമ്മിക്കാനുമായുള്ള ഒരു വർഷം.

**ദാവീദിനെപ്പോലെ, നിങ്ങൾ:**

- ദൈവത്തിനു മുൻഗണന നൽകുക

9-ാം പേജിൽ തുടരും...

നെഹെമ്യ ബൈബിൾ കോളേജുകൾ
ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.
യോഗ്യത : പത്താം ക്ലാസോ അതിനു മുകളിലോ
അതിവേഗം അഡ്മിഷൻ നേടുവിൻ!
ദൈവശാസ്ത്രത്തിൽ ഡിപ്ലോമ & ദൈവശാസ്ത്രത്തിൽ ബിരുദം
ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)
കഴിഞ്ഞ 56 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## മുഖ്യസഭയിലെ പരിപാടികൾ

01. പ്രാർത്ഥന സഹായം - 24 മണിക്കൂർ
02. **വിളിയുടെ പ്രതിധ്വനി** മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ
03. **ബൈബിൾകോർ** - പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി)
04. **തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ** - ഇംഗ്ലീഷ്, തമിഴ്
05. **നെഹെമ്യ ബൈബിൾ കോളേജ്** - ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി
06. ശാഖാ സഭകൾ - സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി
07. പരമനിയോഗ ദൗത്യ പങ്കാളികൾ - പാസ്റ്റർമാരുടെ ചങ്ങല
08. ട്രെയിനിംഗ് പരിപാടികൾ - സെമിനാറുകൾ, റിട്രീറ്റുകൾ
09. ക്രൂസേഡുകൾ
10. ലഘുലേഖ വിതരണം, തുടർ നടപടികൾ
11. സുവിശേഷ അച്ചടിശാല - പ്രസിദ്ധീകരണങ്ങൾ
12. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ - ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം
13. സണ്ടേസ്ക്കൂൾ (ചെപ്പോക്ക്) - ഞായർ രാവിലെ 10.30 മണി
    (വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) - ഞായർ വൈകുന്നേരം 3.00 മണി
14. അതിരാവിലെ ആരാധന - ഞായർ രാവിലെ 5.30 മണി
15. പ്രാഥമിക ആരാധന - ഞായർ രാവിലെ 6.00 മണി
16. തമിഴ് ആരാധന - ഞായർ രാവിലെ 8.30 മണി
17. യുവജന കൂട്ടായ്മ - ഞായർ രാവിലെ 11.00 മണി
18. ഉച്ചഭക്ഷണ കൂട്ടായ്മ - ഞായർ ഉച്ചയ്ക്കു 1.00 മണി
19. തെലുങ്ക് ആരാധന - ഞായർ വൈകുന്നേരം 4.00 മണി
20. ഹിന്ദി ആരാധന - ഞായർ വൈകുന്നേരം 5.00 മണി
21. ഇംഗ്ലീഷ് - ഹിന്ദി ആരാധന - ഞായർ വൈകുന്നേരം 6.00 മണി
22. പ്രതികരണ സമയം - ഞായർ വൈകുന്നേരം 7.30 മണി
23. സ്ത്രീകളുടെ പ്രാർത്ഥനായോഗം - ബുധൻ വൈകുന്നേരം 5.30 മണി
24. പുരുഷന്മാരുടെ യോഗം - വെള്ളി വൈകുന്നേരം 7.30 മണി
25. ശിഷ്യത്വ യോഗം - ശനി വൈകുന്നേരം 6.00 മണി
26. ഭവന കൂട്ടായ്മ - ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി
27. പ്രത്യേക കർത്തൃമേശ - എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി
28. സുവിശേഷകരുടെ അവലോകനം - ആദ്യ ശനി വൈകുന്നേരം 6.00 മണി
29. രക്ഷിതാക്കളുടെ പ്രാർത്ഥന - ആദ്യ ഞായർ വൈകുന്നേരം 4.00 മണി
30. രാത്രി പ്രാർത്ഥന - മൂന്നാം വെള്ളി രാത്രി 9.30 മണി
31. ഉപവാസ പ്രാർത്ഥന - രണ്ടാം ശനി രാവിലെ 9.30 മണി
32. കർത്തൃമേശ - രണ്ടാം ഞായർ ആരാധനയോടൊപ്പം
33. യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന - ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ)
34. സ്റ്റാഫുകളുടെ ധ്യാനം - ദിവസവും രാവിലെ 9.00 മണി
35. ഓഫീസ് - രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ)

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.
ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2967,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" **ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | |
|---|---|
| **Account Name** | : **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : **1023 2923 805** |
| **Bank Name** | : **STATE BANK OF INDIA** |
| **Branch** | : **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : **SBIN 0000249** |
| **SWIFT Code** | : **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## എന്റെ ജീവിതത്തിലെ ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശവും കരുതലും!

### തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും – സങ്കീർത്തനങ്ങൾ 145:19

1982-ൽ ചെന്നൈയിലെ (മദ്രാസ്) ചെപ്പോക്കിൽ സഭാ ശുശ്രൂഷ ആരംഭിക്കാൻ കർത്താവായ യേശുക്രിസ്തു എന്നെ കൃപയോടെ പ്രാപ്തനാക്കി. സാമ്പത്തിക പരിമിതി, പ്രദേശത്തെ ക്രിസ്തീയ വിരുദ്ധരായ വ്യക്തികളിൽ നിന്നുള്ള എതിർപ്പും അസൂയയും കാരണം ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറുന്നതിന്റെ വെല്ലുവിളി സഭയുടെ തുടക്കം മുതൽ നിരന്തരം നേരിട്ടു.

ഒടുവിൽ, ഒരു വീടിനുള്ളിലെ വായുസഞ്ചാരം കുറവായ ഒരു ചെറിയ മുറിയിലാണ് ഞായറാഴ്ചകളിൽ ഞങ്ങൾ ആരാധന നടത്തിക്കൊണ്ടിരുന്നത്. ഈ വീട് ഒരു പ്രിയ സഹോദരൻ ശ്രീ ജോർജിന്റേതായിരുന്നു.

ഒരു ദിവസം ആരാധന നടക്കുന്ന സമയം, ഈ പ്രദേശത്തു തന്നെ സ്വന്തമായ വിശാലമായ ഒരു കെട്ടിടം പണിയും എന്ന് വിശ്വസിക്കാൻ അപ്രതീക്ഷിതമായും ശക്തമായും കർത്താവ് എന്റെ ആത്മാവിനെ പ്രേരിപ്പിച്ചു. ഇത് സഭയുമായി പങ്കുവയ്ക്കുവാനും സഭയുടെ പ്രാർത്ഥന പിന്തുണ അഭ്യർത്ഥിക്കുവാനും എന്നോടു പറഞ്ഞു. ഞാൻ ഈ ദർശനം കർത്താവിൽ ആശ്രയിച്ച് സഭയുമായി പങ്കുവെച്ചു.

പക്ഷെ, അവർ പരിഹാസത്തോടെയും അവിശ്വാസത്തോടും കൂടെ പ്രതികരിച്ചു.

- ചിലർ പരിഹാസമുള്ള നോട്ടത്തോടെ എന്നെ പരിഹസിച്ചു.
- ഈ അവസ്ഥയിൽ വസ്തു എങ്കിലും വാങ്ങാൻ കഴിയുമോ? എന്നു മറ്റു ചിലർ ചോദിച്ചു.
- പണമുണ്ടെങ്കിൽപോലും ഇത്രയും ജനസാന്ദ്രതയുള്ള പ്രദേശത്ത് വിൽക്കാനുള്ള വസ്തു എങ്ങനെ കണ്ടെത്തും എന്നു ചിലർ പറഞ്ഞ് എന്നെ ആത്മീയ സമ്മർദ്ദത്തിലാക്കി.
- ദൈവത്തിന്റെ പേരിൽ ഒരു ദൈവദാസൻ ഇത്തരം പ്രായോഗികമല്ലാത്ത കാരങ്ങൾ പറയുന്നതു ശരിയാണോ എന്നു മറ്റു ചിലർ പറഞ്ഞു.

ഈ പ്രതികരണങ്ങളെല്ലാം എന്നെ വലിയ ആശയക്കുഴപ്പത്തിലേക്കും നിരുത്സാഹത്തിലേക്കും തള്ളിവിട്ടു. വിശ്വാസത്തോടെ ഈ ചുവടുവയ്ക്കുവാൻ എന്നോടൊപ്പം നിൽക്കാൻ ഒരാളെ പോലും കണ്ടെത്താൻ എനിക്കു കഴിഞ്ഞില്ല. യാഥാർത്ഥ്യബോധം ഇല്ലാത്തതും അസ്വീകാര്യവുമായ കാര്യങ്ങൾ പറയുക മാത്രമാണ് ക്രിസ്തീയ പ്രാസംഗികരുടെ കഴിവ് എന്ന് തിരിച്ചറിഞ്ഞതായി ജനങ്ങൾ പറഞ്ഞു. ദൈവം എനിക്കു തന്ന ദർശനം തിരിച്ചറിയുന്നതിൽ അവർ പരാജയപ്പെട്ടു.

എന്നിട്ടും ഞാൻ നിരാശനായില്ല. നമ്മുടെ **വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിൽ** (എബ്രായർ 12:2) ഉറെച്ചു നിൽക്കുവാനുള്ള കൃപ നൽകി. തന്റെ വചനത്തിലൂടെ അവൻ എന്റെ ഹൃദയത്തെ ശക്തിപ്പെടുത്തി:

**പുഴുവായ യാക്കോബേ, യിസ്രായേൽ പരിഷയേ, ഭയപ്പെടേണ്ട; ഞാൻ നിന്നെ സഹായിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു; നിന്റെ വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധൻ തന്നേ. ഇതാ, ഞാൻ നിന്നെ പുതിയതും മൂർച്ചയുള്ളതും പല്ലേറിയതും ആയ മെതിവണ്ടിയാക്കി തീർക്കുന്നു; നീ പർവ്വതങ്ങളെ മെതിച്ചു പൊടിക്കുകയും കുന്നുകളെ പതിർപോലെ ആക്കുകയും ചെയ്യും** (യെശയ്യാവ് 41:14,15).

ദിവസങ്ങൾ കടന്നുപോയി. ദൈവം എല്ലാവരുടെയും മുമ്പാകെ എന്നെ ആദരിച്ചു, ദൈവം എനിക്കു ദർശനം നൽകിയ സ്ഥലത്തു തന്നെ തന്റെ ശുശ്രൂഷയ്ക്കായി ഒരു അത്ഭുതകരമായ സ്ഥലം കൃപയോടെ എനിക്കു നൽകി.

എന്നാൽ സ്ഥലം കണ്ടെത്തിക്കഴിഞ്ഞപ്പോൾ ജനങ്ങൾ പ്രതീക്ഷിച്ചതുപോലെ അതു വാങ്ങാൻ എന്റെ കൈവശം പണമില്ലായിരുന്നു. എനിക്ക് അറിയാവുന്ന ഉറവിടങ്ങളിൽനിന്നും സഹായം തേടി എങ്കിലും ഞാൻ ദാരിദ്ര്യം അനുഭവിക്കുന്നവനാകയാൽ ആരും സഹായിച്ചില്ല. നിരാശാജനകമായ ആ സാഹചര്യത്തിൽ, ഞാൻ സർക്കാർ ഉദ്യോഗസ്ഥനായതിനാൽ വസ്തു വാങ്ങാൻ സർക്കാർ തന്നെ എനിക്കു വ്യക്തിഗത കെട്ടിട അഡ്വാൻസ് അനുവദിച്ചു. ഇതിനായി ദൈവം ശ്രീ. കണ്ണൻ എന്ന അക്രൈസ്തവ സുഹൃത്തിനെയും ശ്രീ. എം.പി. ജയകുമാർ എന്ന ക്രിസ്തീയ സുഹൃത്തിനെയും ഉപയോഗിച്ചു.

യേശുക്രിസ്തു വിശ്വസ്തനാണ്. യേശുക്രിസ്തു എപ്പോഴും നല്ലവനാണ്, എല്ലായ്പ്പോഴും അവൻ നല്ലവനാണ്. എത്ര അത്ഭുതകരമായ ദൈവത്തെയാണ് നാം സേവിക്കുന്നത്! **യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ** (സങ്കീർത്തനങ്ങൾ 34:8).

ഇന്നു ഞാൻ ഈ സന്ദേശം എഴുതുമ്പോഴും, എന്റെ ജീവിതം ദുഷ്കരവും വെല്ലുവിളികൾ നിറഞ്ഞതുമായി തന്നെ തുടരുന്നു. താഴെ വിവരിക്കുന്ന ദൈവം നൽകിയ നിരവധി ശുശ്രൂഷകൾ നിർവഹിക്കുന്നതിനിടയിൽ ഞാൻ ബുദ്ധിമുട്ടുകളും പറഞ്ഞറിയിക്കാനാവാത്ത ഭാരങ്ങളും കൊണ്ട് ഞാൻ ഞെരുക്കപ്പെടുന്നു. 16 ഭാഷകളിൽ അച്ചടിക്കുന്ന **വിളിയുടെ പ്രതിധ്വനി** പ്രതിമാസ മാസികകൾ, മൂന്നു ഭാഷകളിലെ **ബൈബിൾകോർ കറസ്പോണ്ടൻസും** പരിശീലന കോഴ്സുകളും, **നെഹെമ്യ ബൈബിൾ കോളേജുകൾ**, മുഖ്യസഭയിൽ എല്ലാ ഞായറാഴ്ചകളിലും ഉള്ള ഏഴു ആരാധനകൾ, **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ** (വില്ലേജ് ഹൈസ്കൂൾ), **ഗോസ്പൽ പ്രിന്റിംഗ് പ്രസ്സ്**, അവയുമായി ബന്ധപ്പെട്ട എല്ലാ ഭരണപരമായ ഉത്തരവാദിത്തങ്ങൾ ഇവയൊക്കെയാണ് അവയിൽ ചിലത്.

ശുശ്രൂഷയിലും ഭരണത്തിലും പറഞ്ഞറിയിക്കാനാകാത്ത വ്യക്തിപരമായ പോരാട്ടങ്ങളും, വെല്ലുവിളികളും, പരാജയങ്ങളും ഞാൻ നേരിടുന്നു. പല രാത്രികളും ഉറക്കമില്ലാത്തതായിരിക്കുന്നു. മറ്റു ചില രാത്രികളിൽ ഞാൻ ഉറങ്ങാൻ ആഗ്രഹിക്കുന്നില്ല. ഈ കഷ്ടപ്പാടുകളിൽ ഉടനീളം അന്ധകാരവും ദുഷ്ടസമ്മർദ്ദങ്ങളും നിറഞ്ഞ ഈ ലോകത്തിൽ ആശ്രയിക്കാൻ യോഗ്യനായ ഒരേയൊരു വ്യക്തി യേശുക്രിസ്തു മാത്രമാണെന്ന് ഞാൻ മനസ്സിലാക്കി. അവന്റെ പരാജയമില്ലാത്ത മാർഗ്ഗനിർദ്ദേശവും ദിവ്യ പരിപാലനവും ഞാൻ വ്യക്തിപരമായി അനുഭവിച്ചിട്ടുണ്ട്.

പ്രശസ്തമായ ഗാനത്തിൽ നിന്നുള്ള ഇനി പറയുന്ന വരികൾ എന്റെ സുവിശേഷ യാത്രയെ വർണ്ണിക്കുന്നു:

***കൂരിരുളിൽ എൻ സ്നേഹദീപമേ, നടത്തുകെ:***
***പാത കാണാതെ വീടും ദൂരമേ, നടത്തുകെ,***
***കാംക്ഷിക്കുന്നില്ല ദൂരക്കാഴ്ചയെ,***
***ഒർ അടി മാത്രം എൻ മുൻ കാട്ടുകേ.***

എന്റെ ദൈനംദിന ജീവിതം പരീക്ഷണങ്ങളും പ്രയാസങ്ങളും നിറഞ്ഞതാണെങ്കിലും ഈ ഭൂമിയിലെ എന്റെ വേല പൂർത്തിയാകുമ്പോൾ, ഞാൻ എന്റെ സ്വർഗ്ഗീയ ഭവനത്തിൽ പ്രവേശിക്കുമെന്നും, എന്റെ യജമാനനായ യേശുക്രിസ്തുവിനെ മുഖാമുഖം കാണുമെന്നും, ആ മഹത്തായ നിമിഷത്തിൽ അവനെ ആശ്ലേഷിക്കുമെന്നും, എന്റെ എല്ലാ ഭൗമിക അനുഭവങ്ങളും അവനുമായി പങ്കിടുമെന്നും എനിക്ക് അനുഗ്രഹീതമായ ഉറപ്പുണ്ട്. ആ അത്ഭുതകരമായ ദിവസത്തിനായി ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു. ആ ദിവസം മഹത്തായ ദിവസമായിരിക്കും! ആ ദിവസം ഏറ്റവും അനുഗ്രഹീതമായ ദിവസമായിരിക്കും!



പ്രിയ സുഹൃത്തേ, നിങ്ങൾക്ക് ഈ പ്രത്യാശയും വാഞ്ചയും ഉണ്ടോ?

*************

6-ാം പേജിന്റെ തുടർച്ച...

- രാജ്യ മനോഭാവത്തോടെ ജീവിക്കുക
- നിങ്ങൾക്കുള്ളതെല്ലാം നൽകി അവനെ ബഹുമാനിക്കുക.

നിങ്ങളുടെ ജീവിതത്തിലെ എല്ലാ മേഖലകളിലും ദൈവത്തിന്റെ അമാനുഷിക അനുഗ്രഹവും പ്രീതിയും വിജയവും നിങ്ങൾ കാണും.



***നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവത്തിന്റെ അമാനുഷിക അനുഗ്രഹവും വിജയവും നിങ്ങൾ കാണും.***



***ദാവീദ് പോയിടത്തെല്ലാം കർത്താവ് അവനു വിജയം നൽകി.***

... **ഇങ്ങനെ ദാവീദ് ചെന്നേടത്തൊക്കെയും യഹോവ അവന്നു ജയം നൽകി** (2 ശമുവേൽ 8:6.

നിങ്ങൾ പോകുന്നേടത്തെല്ലാം കർത്താവ് നിങ്ങൾക്കു വിജയം നൽകുന്നു എന്നത് 2026-ൽ നിങ്ങളുടെ സാക്ഷ്യം ആയിരിക്കട്ടെ.

ഒരിക്കൽ ഭയപ്പെട്ടിരുന്ന സ്ഥലം തന്നെ നിങ്ങളുടെ വിശ്വാസത്തിന്റെ ശക്തികേന്ദ്രമായി മാറട്ടെ.




ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, വിജയകരമായ ഒരു പുതുവത്സരം ആശംസിക്കുന്നു.

**അറിയിപ്പ്**

**(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.**

**-എഡിറ്റർ**

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
Please subscribe

Kindly view and subscribe our Echo of His Call YouTube Channel when you get time. Thanks.
- Editor

## OUR BANK DETAILS:

*1. Bank : State Bank of India*

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | S. Sam Selva Raj |
| A/C No. | : | 1023 2934 679 |
| IFSC | : | SBIN 00 00 249 |

SWIFT CODE : SBI NIN BB 455

*2. Bank : ICICI Bank*

| | | |
|---|---|---|
| Branch | : | Anna Salai, Chennai-6 |
| Name | : | Echo of His Call |
| A/C No. | : | 6038 0502 2319 |
| IFSC | : | ICIC 000 6038 |

*3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | Echo of His Call Educational Trust |
| A/C No. | : | 1023 2923 805 |
| IFSC | : | SBIN 00 00 249 |

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ    ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.


## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org


**YOU CAN SEND YOUR DONATION ONLINE ALSO**


**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel" on 5th JANUARY 2026.**
**If un-delivered please return to:**

**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**


*JESUS LOVES YOU!*

To

GOD BLESS YOU!

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**